# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 734 — 08.03.2012 -ൽ മറുപടിക്ക്

## വരൾച്ചാ ദുരിതാശ്വാസ പദ്ധതി

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെയ്യാറ്റിൻകര മണ്ഡലത്തിൽ കുടിവെള്ള പദ്ധതിക്കായി എത്ര തുക, ഏതൊക്കെ പ്രവൃത്തികൾക്കായി നൽകിയെന്ന് വ്യക്തമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി നെയ്യാറ്റിൻകര മണ്ഡലത്തിൽ തുക നൽകിയിട്ടില്ല.

(ബി) നെയ്യാറ്റിൻകര മണ്ഡലം നേരിടുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ഏതെങ്കിലും പദ്ധതി പുതിയതായി നടപ്പിലാക്കിയിട്ടു ണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ വരുന്ന നെയ്യാറ്റിൻകര നഗരസഭയുടെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സാർക്ക് സ്കീമിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര നഗരശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീ-കരണം എന്ന പദ്ധതിക്ക് 408 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് അംഗീകരിച്ച് പണി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ജലവിതരണശൃംഖലയുടെ വിപുലീകരണവും നിലവിലുള്ളതും പുതിയതായി നിർമ്മിച്ചതുമായ ടാങ്കിലേയ്ക്കുള്ള ഇന്റർകണക്ഷൻ വർക്കുകളുമാണ് നടത്തുവാനുദ്ദേശിക്കുന്നത്. കാളിപ്പാറ ജലശുദ്ധീകരണശാലയിൽ നിന്നും ശുദ്ധജലം നെയ്യാറ്റിൻകരയിൽ എത്തിച്ചാണ് നെയ്യാറ്റിൻ-കര നഗരസഭയ്ക്ക് അധികജലം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ട നടപടി ക്രമങ്ങൾ നടന്നു വരുന്നു. പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും, മറുകിൽ മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി എന്ന സാർക്ക് സ്കീമിൽ ഉൾപ്പെടുത്തിയാണ് കാളിപ്പാറ നിന്നും ശുദ്ധജലം നെയ്യാറ്റിൻകരയിലെത്തിക്കുന്നത്. കാളിപ്പാറ മുതൽ പൊൻവിള വരെ നീളുന്ന ശുദ്ധജല ട്രാൻസ്മിഷൻ മെയിൻ പൈപ്പ് ലൈൻ പണിയുടെ വർക്ക് ഓർഡർ നൽകി കോൺട്രാക്ടർ എഗ്രിമെന്റ് വെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ